**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 77** **14-10-2026-ൽ മറുപടിയ്ക്ക്**

**ജല സ്രോതസ്സുകളുടെ സംരക്ഷണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീമതി ഗീതാ ഗോപി

ശ്രീ. പി. പ്രസാദ്

ശ്രീ. ജി. ആർ. അനിൽ

ശ്രീ. കെ. കെ. വത്സരാജ്

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് അനുദിനം രൂക്ഷമായികൊണ്ടിരിക്കുന്ന ജലക്ഷാമവും ഭൂഗർഭ ജലവിതാനത്തിൽ ഉണ്ടാകുന്ന കുറവും ഭാവിയിൽ അതിരൂക്ഷമായ ജല പ്രതിസന്ധിക്ക് കാരണമാകുന്നതിന്റെ സാധ്യതകൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** ഉണ്ട്.

പ്രതിവർഷം ശരാശരി 3000 മില്ലീമീറ്റർ മഴ ലഭിക്കുന്നുണ്ടെങ്കിലും, മഴക്കാലം കഴിയുന്നതോടെ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും കടുത്ത ജലദൗർലഭ്യവും ഭൂഗർഭ ജലവിതാനത്തിൽ കുറവും അനുഭവപ്പെടുന്നുണ്ട്. ഇത്തരം പ്രശ്നങ്ങൾ നേരിടുന്ന പ്രദേശങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്നത് കണക്കിലെടുത്ത്, ഭാവിയിലുണ്ടായേക്കാവുന്ന രൂക്ഷമായ ജലപ്രതിസന്ധി ഒഴിവാക്കാൻ ജലസേചന വകുപ്പ് ശാസ്ത്രീയവും ജനപങ്കാളിത്തത്തോടെയുള്ളതുമായ വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. ഭൂജല ദൗർലഭ്യമുള്ള പ്രദേശങ്ങളിൽ മഴവെള്ള സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനായി കുളങ്ങളിലെ ചളിയും എക്കലും നീക്കം ചെയ്യൽ, തോടുകളിൽ ചെറുതടയണകളും വെന്റഡ് ക്രോസ് ബാറുകളും നിർമ്മിക്കൽ, നദികളിൽ തടയണകൾ/റെഗുലേറ്ററുകൾ നിർമ്മിച്ച് നീരൊഴുക്ക് സുഗമമാക്കുകയും പ്രാദേശിക ജലലഭ്യത ഉറപ്പാക്കുകയും ചെയ്യൽ തുടങ്ങിയ ഭൂജലപോഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. കൂടാതെ, കേരളത്തിന്റെ കാർഷിക മേഖലയുടെ സുസ്ഥിരമായ വളർച്ച ലക്ഷ്യമിട്ട് പരമ്പരാഗത ജലസേചന രീതികളിൽ നിന്ന് മാറി, ചെടികളുടെ വേരുകളിലേക്ക് (Root Zone) നേരിട്ട് കൃത്യമായ അളവിൽ വെള്ളമെത്തിക്കുന്ന സൂക്ഷ്മ ജലസേചന (Micro-Irrigation) രീതികൾക്ക് പ്രത്യേക പ്രാധാന്യം നൽകുന്നു. വാൽവുകൾ, പൈപ്പുകൾ, ട്യൂബുകൾ, എമിറ്ററുകൾ എന്നിവയുടെ ശൃംഖലയിലൂടെ ജലസേചനം നടത്തുന്നതിലൂടെ ജലനഷ്ടം പരമാവധി കുറയ്ക്കാനും നെൽവയലുകൾ മുതൽ തോട്ടവിളകൾ വരെ നീളുന്ന വൈവിധ്യമാർന്ന കാർഷിക മേഖലയുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കാനും ഈ സാങ്കേതിക വിദ്യയിലൂടെ സാധ്യമാകും. പമ്പ റിവർ ബേസിൻ മാനേജ്മെന്റ് പ്ലാനിന്റെ ഭാഗമായി Greater Pamba Basin- ലെ Water Audit on study നടപ്പിലാക്കി വരുന്നു.

നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ 1381 നിരീക്ഷണ കിണറുകൾ (തുറന്ന കിണറുകൾ -472, ആഴം കുറഞ്ഞ കുഴൽ കിണറുകൾ - 484, ആഴം കൂടിയ കുഴൽ കിണറുകൾ - 425) സ്ഥാപിച്ചിട്ടുണ്ട്. ഈ നിരീക്ഷണ കിണറുകളിൽ നിന്നും എല്ലാ മാസവും

ഭൂജലവിതാന ഡാറ്റ നിരീക്ഷിച്ച പഠന വിധേയമാക്കി വരുന്നുണ്ട്. ഈ ഡാറ്റ ഉപയോഗിച്ച് എല്ലാ ജില്ലകളിലും വരൾച്ചാ സൂചികാ റിപ്പോർട്ട് തയ്യാറാക്കി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് നൽകുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ വകുപ്പിൽ ലഭിക്കുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ ജലക്ഷാമമുള്ള പ്രദേശങ്ങളിൽ ഭൂജലാധിഷ്ഠിത ചെറുകുടിവെള്ള പദ്ധതികളും, ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിച്ച ജലക്ഷാമം, ഭൂജലവിതാനത്തിലുണ്ടാകുന്ന കുറവ് എന്നിവ തടയുന്നതിന്റെ ഭാഗമായി ഭൂജല സംരക്ഷണവും സംപോഷണവും എന്ന പ്ലാൻ പദ്ധതിയിലൂടെ വിവിധതരം കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നുണ്ട്.

വേനൽക്കാലത്ത് ജലക്ഷാമം രൂക്ഷമാകുന്ന പ്രദേശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് കണ്ടെത്തി, അവിടങ്ങളിലെ സാഹചര്യം പരിഹരിക്കുന്നതിനായി ആവശ്യമായ കർമ്മപദ്ധതികൾ കേരള വാട്ടർ അതോറിറ്റി മുഖേന തയ്യാറാക്കി നടപ്പിലാക്കിവരുന്നു. കൂടാതെ വാൽവ് നിയന്ത്രണം, ടാങ്കർ ലോറികൾ മുഖേനയുള്ള ജലവിതരണം, ആവശ്യമായ സ്ഥലങ്ങളിൽ താൽക്കാലിക തടയണകൾ നിർമ്മിക്കൽ തുടങ്ങിയ നടപടികളിലൂടെയും ജലലഭ്യത ഉറപ്പാക്കിവരുന്നു .

ജലക്ഷാമം പരിഹരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും നടപടികൾ സ്വീകരിച്ച വരുന്നുണ്ട്.

**(ബി)** കേരളത്തിലെ ജലസമ്പത്തിന്റെ ഏറ്റവും പ്രധാന സ്രോതസ്സുകളായ നദികളെയും അവയുടെ കൈവഴികളെയും ശാസ്ത്രീയമായി പരിപാലിക്കുന്നതിന് കർമ്മ പദ്ധതികൾ ആവിഷ്കരിക്കേണ്ട സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്.

തോടുകളിൽ ആവശ്യമായ സ്ഥലങ്ങളിൽ വി.സി.ബികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും, പുഴകളിലെ എക്കലും മണ്ണും നീക്കം ചെയ്യുന്ന പ്രവൃത്തികൾക്കും, സംരക്ഷണഭിത്തി നിർമ്മാണത്തിനും പ്രാധാന്യം നൽകി ജല സുരക്ഷ ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ച വരുന്നു.

കൂടാതെ, 15-ാമത് കേന്ദ്ര ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റിന്റെ 50% വാട്ടർ മാനേജ്മെന്റ് പ്രൊജക്റ്റുകൾക്കാണ് വിനിയോഗിച്ച് വരുന്നത്. ടി ഗ്രാന്റ് വിഹിതം ഉപയോഗിച്ച് ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം, മഴവെള്ള കൊയ്ത്ത്, ജലത്തിന്റെ പുനരുപയോഗം എന്നീ മേഖലകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി ഏറ്റെടുത്ത് നിർവഹണം ചെയ്തു വരുന്നു.

**(സി)** ഭൂരൂപങ്ങളിൽ മനുഷ്യനാൽ സൃഷ്ടിക്കപ്പെടുന്ന രൂപമാറ്റവും മാലിന്യ നിക്ഷേപവും മൂലം പുഴകളുടെയും തോടുകളുടെയും ജലവാഹക ജലസംരക്ഷണ ശേഷി നഷ്ടപ്പെടുന്നതിന്റെ തോത് സംബന്ധിച്ച വിവരശേഖരണം ജില്ലാതലത്തിൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ഭൂരൂപങ്ങളിൽ മനുഷ്യനാൽ സൃഷ്ടിക്കപ്പെടുന്ന രൂപമാറ്റവും മാലിന്യ നിക്ഷേപവും മൂലം പുഴകളുടെയും തോടുകളുടെയും ജലവാഹക/ജലസംരക്ഷണ ശേഷി നഷ്ടപ്പെടുന്നതിന്റെ തോത് സംബന്ധിച്ച് പ്രത്യേക വിവരശേഖരണമോ പഠനങ്ങളോ നിലവിൽ നടത്തിയിട്ടില്ല. എന്നാൽ പുഴകളിൽ മലിനീകരണം തടയുന്നതിനായി National Green Tribunal (NGT) നിർദ്ദേശപ്രകാരം ഇറിഗേഷൻ വകുപ്പ് സൂപ്രണ്ടിംഗ് എഞ്ചിനീയർ ചെയർപേഴ്സണും പൊല്യൂഷൻ കൺട്രോൾ ബോർഡ് എൻവയോൺമെന്റൽ എഞ്ചിനീയർ കൺവീനറുമായി വിവിധ വകുപ്പുകളുടെ ജില്ലാ അധികാരികളെയും

വിവിധ പഞ്ചായത്തുകളെയും ഉൾപ്പെടുത്തി ജില്ലാ സാങ്കേതിക സമിതി (DLTC) രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റിയുടെ നേതൃത്വത്തിൽ ആക്ഷൻ പ്ലാൻ രൂപീകരിച്ച് വിവിധ നദികളുടെ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.

**(ഡി)** വിവിധ വകുപ്പുകളുടെ സഹകരണത്തോടെ നദികളെയും തോടുകളെയും സംരക്ഷിക്കുന്നതിനും നഷ്ടപ്പെട്ട നീർച്ചാലുകളെ പുനരുജ്ജീവിപ്പിക്കുന്നതിനും വേണ്ടി മുൻ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ തുടരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** വിവിധ വകുപ്പുകളുടെ സഹകരണത്തോടെ നദികളെയും തോടുകളെയും സംരക്ഷിക്കുന്നതിനും നഷ്ടപ്പെട്ട നീർച്ചാലുകളെ പുനരുജ്ജീവിപ്പിക്കുന്നതിനും വേണ്ടി ആവിഷ്കരിച്ച പദ്ധതികളുടെ ഭാഗമായി അനുവദിക്കപ്പെട്ട ശീർഷകങ്ങളിൽ ഉൾപ്പെടുത്തി ഓരോ വർഷവും ബഡ്ജറ്റിൽ അനുവദിക്കുന്ന തുകയ്ക്കുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കി മേൽ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

15-ാമത് കേന്ദ്ര ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് വിനിയോഗിച്ചത് പോലെ 16-ാമത് കേന്ദ്ര ധനകാര്യ കമ്മീഷനിലും വാട്ടർ മാനേജ്മെന്റ് പ്രൊജക്ടുകൾക്ക് ടൈഡ് ഗ്രാന്റ് വകയിരുത്തിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി, ഇറിഗേഷൻ വകുപ്പ്, ശുചിത്വ മിഷൻ തുടങ്ങിയ പാരസ്റ്റാറ്റൽ ഏജൻസികളുടെ സഹകരണത്തോടെ ടി മേഖലകളിലേക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി ഏറ്റെടുത്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**